(ബി) ഈ പദ്ധതി ഇനിയും കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിലെ അഴിമതികൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8/1997-ൽ.

(ബി) ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ലൈൻ ചാർജ്ജ് ചെയ്തുകൊണ്ടിരിക്കുമ്പോൾ പമ്പിംഗ് മെയിനിലും വിതരണ ശൃംഖലയിലുമുള്ള പൈപ്പുകളിലെ ജോയിന്റുകൾ ലീക്ക് ചെയ്യുന്നതു കാരണം പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ലീക്കുകൾ റിപ്പയർ ചെയ്തു ലൈൻ സ്റ്റെബിലൈസ് ചെയ്തു വരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) 12/2000 ത്തോടുകൂടി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുടിവെള്ള പദ്ധതി

143 (2600) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഉദയംപേരൂർ, ആമ്പല്ലൂർ, എടക്കാട്ടുവയൽ പഞ്ചായത്തുകൾക്കുവേണ്ടി ഏതെങ്കിലും കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിയത് എന്നാണ് ;

(ഡി) എത്ര രൂപയാണ് പദ്ധതി ചെലവ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനായിരുന്നു തീരുമാനിച്ചിരുന്നത് ;

(എഫ്) പദ്ധതി കമ്മീഷൻ ചെയ്യുവാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) പദ്ധതി എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ പഞ്ചായത്തുകൾക്കു വേണ്ടി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 269 ലക്ഷം രൂപ മതിപ്പു ചെലവോടുകൂടി 1994 ൽ പണി ആരംഭിച്ചു. ഏകദേശം 90 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. പിറവം ശുദ്ധജലവിതരണ / വിപുലീകരണ പദ്ധതിയുടെയും, ഈ പദ്ധതിയുടെയും ഉറവിടവും ശുദ്ധീകരണശാലയും ഒന്നു തന്നെയാണ്. ഇവയുടെ പണികൾ പൂർത്തികരിച്ചിട്ടുണ്ട്. 2 ഉന്നതതല സംഭരണികളുടെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞിരമറ്റത്ത് 4.55 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പണികൾ പൂർത്തീകരിക്കാതെ കരാറുകാരൻ ഉപേക്ഷിച്ചു. ഇതിന്റെ ബാക്കി പണി റീ അറേഞ്ച് ചെയ്തു വരുന്നു. 90 ശതമാനം ജലവിതരണക്കുഴലുകളും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കി പണികൾ നടന്നു വരുന്നു.

(സി) 1-10-1993-ൽ.

(ഡി) ഏകദേശം 452 ലക്ഷം രൂപ.

(ഇ) 1997-ൽ.

(എഫ്) ഉണ്ട്. കരാറുകാർ ഏറ്റെടുത്ത് പണി യഥാസമയം പൂർത്തീകരിക്കാതിരുന്നതുകൊണ്ട് കരാർ അവസാനിപ്പിക്കുകയും, ബാക്കി ജോലികൾ റീ അറേഞ്ചു ചെയ്യുകയും വേണ്ടിവന്നതിനാൽ കാലതാമസം വന്നിട്ടുണ്ട്. മാത്രമല്ല, റെയിൽവേ ലൈൻ ക്രോസു ചെയ്തു പൈപ്പു ഇടുന്നതിനുള്ള റെയിൽവേയുടെ അനുവാദം കിട്ടുന്നതിന് താമസം നേരിട്ടിട്ടുണ്ട്. വാഴൂർ പമ്പ് ഹൗസിൽ ഇലക്ട്രിക്കൽ കണക്ഷൻ കിട്ടുവാനും താമസം നേരിട്ടു. ഇക്കാരണങ്ങളാൽ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകി.

(ജി) ഈ വർഷം ജൂൺ മാസത്തോടെ ഭാഗികമായും, ഡിസംബർ മാസത്തോടെ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

കുടിവെള്ള പ്രശ്നങ്ങളെപ്പറ്റി പഠനം

144 (2601) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ കുടിവെള്ള പ്രശ്നങ്ങളെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ?

ഉത്തരം

ഉണ്ട്. വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly